പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3649 | 10.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.എ.കെ. ബാലൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| വാടക കെട്ടിടത്തിലും പരിമിതമായ സ്ഥല സൗകര്യങ്ങളിലും പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് 3 പദ്ധതികളാണ് സംസ്ഥാന തലത്തിൽ നിലവിലുള്ളത്.<br>(1) മാതൃകാ അംഗൻവാടി പദ്ധതി<br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിലും സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ഉൾപ്പെടെ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയാണിത്.<br>(2) നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി<br>നബാർഡ് – ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 700 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>(3) സ്റ്റേറ്റ് പ്ലാൻ ഫണ്ട്<br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ